പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.525 | 24 -10 -2011 - ൽ മറുപടിയ്ക്ക് |
|---|---|

## സ്വകാര്യ സ്ഥാപനങ്ങളിൽ സർക്കാർ നിരക്കിൽ സ്കാനിംഗ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. റ്റി.എ.അഹമ്മദ് കബീർ :<br>ശ്രീ. സി.മമ്മൂട്ടി :<br>ശ്രീ. പി.ബി.അബ്ദുൾ റസാക് : | | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| (എ) | മെഡിക്കൽ കോളേജ് ആശുപത്രികളിൽ സ്കാൻ ചെയ്യാനെത്തുന്ന രോഗികളുടെ തിരക്ക് കണക്കിലെടുത്ത്, സ്വകാര്യ സ്കാനിംഗ് സെൻററുകളുടെ സഹകരണത്തോടെ സർക്കാർ നിരക്കിൽ സ്കാനിംഗ് സൗകര്യം ഏർപ്പെടുത്താനുള്ള ഒരു പദ്ധതി പരിഗണിക്കപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും | ഉണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികളിൽ സ്കാൻ ചെയ്യാനെത്തുന്ന രോഗികളുടെ തിരക്ക് കണക്കിലെടുത്തും, സർക്കാർ സംവിധാനം അപര്യാപ്തമാകുന്ന സാഹചര്യത്തിലും ആശുപത്രിക്ക് ചുറ്റുമുള്ള സ്വകാര്യ സ്കാനിംഗ് സെൻററുകളുടെ സഹകരണത്തോടെ സ്കാനിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിന് സ.ഉ.(സാധാ)നം.2358/2011/ആ.കു.വ. തീയതി 24.06.2011 പ്രകാരം സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ മെഡിക്കൽ കോളേജ് ആശുപത്രിക്കു ചുറ്റുമുള്ള സ്കാനിംഗ് സെൻററുകളുമായി ചർച്ച നടത്തി ഏറ്റവും കുറഞ്ഞ നിരക്ക് നിശ്ചയിക്കേണ്ടതാണ്. നിശ്ചയിച്ച നിരക്കുകൾ പ്രദർശിപ്പിക്കേണ്ടതും രോഗികളെ ക്രമമനുസരിച്ച് നിശ്ചിത സെൻററുകളിലേക്ക് 'റഫർ' ചെയ്യേണ്ടതുമാണ്. പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള മേൽനോട്ട ചുമതല പ്രസ്തുത മെഡിക്കൽ കോളേജ് സൂപ്രണ്ടിനാണ്. നിരക്ക് നിശ്ചയിക്കുന്നതു സംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | എങ്കിൽ ആ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്നും പദ്ധതിയുടെ വിശദാംശമെന്തൊക്കെയെന്നും വെളിപ്പെടുത്തുമോ ; | | |
| (സി) | സർക്കാർ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ രോഗികൾക്ക് സ്കാനിംഗ് നടത്താമെന്ന വാഗ്ദാനം ഏതെങ്കിലും സ്വകാര്യ സ്കാനിംഗ് സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതേക്കുറിച്ച് പരിശോധിക്കുമോ ; | (സി) | 24.06.2011 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ ചില സ്വകാര്യ സ്കാനിംഗ് സ്ഥാപനങ്ങളുമായി ചർച്ച നടത്തുകയും നിരക്ക് സംബന്ധിച്ച നിർദ്ദേശങ്ങളടങ്ങുന്ന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |
| (ഡി) | ഒരു വിഭാഗം ഡോക്ടർമാരും, ചില സ്കാനിംഗ് സെൻറർ ഉടമകളും ചേർന്ന് പാവപ്പെട്ട രോഗികളെ ചൂഷണം ചെയ്യുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ ഇത് തടയാൻ സർക്കാർ നിരക്കിൽ സ്കാനിംഗ് നടത്താൻ തയ്യാറുള്ള സ്കാൻ സെൻററുകളുടെ സംസ്ഥാനതല പാനൽ തയ്യാറാക്കി, അത് പ്രസിദ്ധപ്പെടുത്താനും രോഗികളെ റഫർ ചെയ്യാനുമുള്ള നടപടികൾ സ്വീകരിക്കുമോ ? | | സ.ഉ.(സാധാ)നം.2358/2011/ആ.കു.വ. തീയതി 24.06.2011 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ